**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1544** **10-10-2024 - ൽ മറുപടിയ്ക്ക്**

**കാലവർഷക്കെടുതിക്ക് ഇരയായ വ്യക്തിക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചതിന് കുന്നമ്മൽ അബ്ദുറഹ്മാൻ S/o കുഞ്ഞുമുഹമ്മദ് മുസ്ലിയാർ, കുന്നമ്മൽ ഹൗസ്, കോഴിക്കാട്ടുകുന്ന് കരുവമ്പ്രം പി . ഒ., മലപ്പുറം ജില്ല, ഏറനാട് താലൂക്,നറുകര വില്ലേജ് എന്ന വ്യക്തി നഷ്ടപരിഹാരം ലഭിക്കുന്നതിന് റവന്യൂ വകുപ്പിൽ 17/05/2022ന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചതിന് കുന്നമ്മൽ അബ്ദുറഹ്മാൻ S/o കുഞ്ഞുമുഹമ്മദ് മുസ്ലിയാർ, കുന്നമ്മൽ ഹൗസ്, കോഴിക്കാട്ടുകുന്ന് കരുവമ്പ്രം പി . ഒ., മലപ്പുറം ജില്ല, ഏറനാട് താലൂക്ക് , നറുകര വില്ലേജ് എന്ന വ്യക്തി നഷ്ടപരിഹാരം ലഭിക്കുന്നതിന് എൽ.ആർ.ഡി. റിലീഫ് പോർട്ടൽ മുഖേന കളക്ടറേറ്റിൽ സമർപ്പിച്ച അപേക്ഷയിന്മേൽ, 15% നാശനഷ്ടത്തിന് 5200/- രൂപക്കുള്ള ധനസഹായത്തിന് നടപടിക്രമം തയ്യാറാക്കിയിട്ടുള്ളതും എന്നാൽ പ്രസ്തുത ധനസഹായം അനുവദിക്കുന്നതിലേക്കായി, ബിംസ് ആപ്ലിക്കേഷൻ മുഖേന നടപടി സ്വീകരിച്ചുവെങ്കിലും റിലീഫ് പോർട്ടലിലെ സാങ്കേതിക തകരാർ കാരണം നഷ്ടപരിഹാരം നൽകാനായിട്ടില്ല. |
| (ബി) | നാളിതുവരെ ടിയാന് നഷ്ടപരിഹാരത്തുക കിട്ടിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിലീഫ് പോർട്ടലിലെ സാങ്കേതിക തകരാർ അടിയന്തരമായി പരിഹരിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്കും സ്റ്റേറ്റ് ഐ.ടി. സെൽ കോ-ഓഡിനേറ്റർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ടിയാന് അടിയന്തരമായി നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | റിലീഫ് പോർട്ടലിലെ സാങ്കേതിക തകരാർ പരിഹരിച്ച് കിട്ടുന്ന മുറക്ക് ടിയാന് അടിയന്തരമായി ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ